ജീനാ മാത്യു

തെങ്ങ് തന്നെ തെങ്ങിന് വളം

മണ്ണിൽനിന്ന് ധാതുലവണപോഷകങ്ങൾ വലിച്ചെടുത്ത് ഓരോ സസ്യഭാഗങ്ങളിലായി സൂക്ഷിക്കുന്ന വൃക്ഷവിളയാണ് തെങ്ങ്. ഇതനുസരിച്ച് തോട്ടത്തിൽനിന്ന് ധാരാളം മൂലകങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ട്. ക്രമേണ മണ്ണിന് മൂലകശോഷണം സംഭവിക്കുക സ്വാഭാവികം. തെങ്ങിന്റെ ഉത്പാദനക്ഷമത കൂടുന്തോറും നീക്കം ചെയ്യുന്ന മൂലകങ്ങളുടെ തോതും വർദ്ധിക്കും. അതിനാൽ തെങ്ങിന്റെ ഓരോ ഭാഗത്തും അടങ്ങിയിരിക്കുന്ന മൂലകങ്ങളെക്കുറിച്ചും ഒരു തെങ്ങ് നീക്കം ചെയ്യുന്ന മൂലകങ്ങളുടെ ശരാശരി അളവും അറിഞ്ഞിരിക്കുക പ്രയോജനപ്രദമാണ്.

കൊഴിഞ്ഞുവീഴുന്ന ഓല, മടൽ, ക്ലാഞ്ഞിൽ എന്നിവ പരിശോധിച്ചാൽ ഓല നൈട്രജന്റെയും മടൽ പൊട്ടാഷ്, സോഡിയം, കാൽസിയം, മഗ്നീഷ്യം, എന്നിവയുടെയും ക്ലാഞ്ഞിൽ ഫോസ്ഫറസിന്റെയും കലവറകളാണെന്ന് കാണാം. തെങ്ങോലകളിൽ 1.5 ശതമാനം നൈട്രജൻ, 0.3 ശതമാനം ഫോസ്ഫറസ്, 0.9 ശതമാനം പൊട്ടാഷ് എന്ന തോതിൽ മൂലകങ്ങൾ അടങ്ങിയിരിക്കുന്നു. എന്നാൽ തേങ്ങയിലാകട്ടെ 1.9 ശതമാനം നൈട്രജൻ, 0.35 ശതമാനം ഫോസ്ഫറസ്, 2.6 ശതമാനം പൊട്ടാഷ് എന്ന അളവിലാണ് മൂലകങ്ങളുള്ളത്. അതിനാലാണ് തോട്ടത്തിൽനിന്ന് ഏറ്റവുമധികം നീക്കം ചെയ്യപ്പെടുന്ന മൂലകം പൊട്ടാഷാണെന്ന് പറയുന്നത്. അതുകൊണ്ട് വളപ്രയോഗത്തിൽ പൊട്ടാഷിന്റെ അളവ് മറ്റു മൂലകങ്ങളേക്കാൾ അധികമായിരിക്കണം. പരിപാലനം കുറഞ്ഞ തെങ്ങിൻ തോപ്പ് ഏറ്റവുമധികം കാണുന്ന അഭാവലക്ഷണവും പൊട്ടാഷിന്റേതു തന്നെ. പുറം മടലുകളിലെ ഓലകളുടെ അരികിൽ തുടങ്ങുന്ന മഞ്ഞളിപ്പ് ക്രമേണ വലുതായി ഉള്ളിലേക്ക് വ്യാപിച്ച് ഓല കരിച്ചിൽ സംഭവിക്കും.

തോട്ടത്തിന്റെ വളക്കൂറ് അറിയാനും മൂലകങ്ങളുടെ അളവ് തിട്ടപ്പെടുത്താനും മണ്ണ് പരിശോധന സഹായകമാണ്. പുരയിടത്തിന്റെ ചരിവ്, മണ്ണിന്റെ നിറവും ഘടനയും അനുവർത്തിച്ചുള്ള പരിപാലനമുറകൾ തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുക്കണം. തെങ്ങിൻ തടത്തിന്റെ ചുവട്ടിൽനിന്ന് 2-3 അടി മാറി ഉദ്ദേശം 30-40 സെ.മീറ്റർ താഴ്ചയിൽ വി ആകൃതിയിലുള്ള കുഴിയെടുക്കുക. തുടർന്ന് കുഴിയുടെ വശങ്ങളിൽ നിന്ന് 2-3 സെ.മീറ്റർ ഘനത്തിൽ സാമ്പിൾ ശേഖരിക്കണം. ഒരേതരം സാമ്പിൾ മണ്ണ് സംയോജിപ്പിച്ചശേഷം 1/2 കി.ഗ്രാം മണ്ണ് പരിശോധനയ്ക്ക് തെരഞ്ഞെടുക്കാം. ഇത് തണലിൽ ഉണക്കി ലേബൽ ചെയ്ത് പരിശോധനയ്ക്ക് കൃഷിഭവനിൽ ഏൽപ്പിക്കണം. പോഷകമൂലകങ്ങളുടെ അഭാവം അറിയാൻ ഇലകളിലെ മൂലകത്തിന്റെ അളവും തിട്ടപ്പെടുത്താം. തെങ്ങിൻ തോപ്പിലെ മൂലകശോഷണം തടയുവാൻ അവശ്യം ചെയ്യേണ്ടുന്ന ഒരു പരിപാലനമുറയാണ് **വിളാവശിഷ്ട ചാക്രമണം.** അടർന്നു വീഴുന്ന ഓലയും മടലും കമ്പോസ്റ്റാക്കുക, തൊണ്ടടുക്കൽ, പുതയിടൽ തുടങ്ങിയ പരിപാലനമുറകൾ വഴി ചാക്രമണം നടത്താം.

ഓലയും മടലും കമ്പോസ്റ്റാക്കാം

ഓലകൾ വേഗം ജീർണ്ണിക്കാൻ യൂഡ്രില്ലസ് എന്നയിനം മണ്ണിര ഉപയോഗിച്ച് ഓല, മടൽ എന്നിവയിൽനിന്നും പോഷകമൂല്യമുള്ള മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കാം. ഇതിന് 4 X 1.5 X 1.0 ക്യൂബിക് മീറ്റർ വലിപ്പമുള്ള സിമന്റ് ടാങ്ക് നിർമ്മിച്ച് അതിൽ 2 ആഴ്ച ജീർണ്ണിച്ച ഓലകൾ നിക്ഷേപിക്കുക. തുടർന്ന് ഒരു ടൺ ഓലയ്ക്ക് 100 കി.ഗ്രാം ചാണകം ചേർത്ത് 3 ആഴ്ച കഴിഞ്ഞതിനുശേഷം ഒരു ടൺ ഓലയ്ക്ക് 1000 മണ്ണിര എന്ന തോതിൽ ചേർക്കണം. ഈർപ്പം നിലനിർത്താൻ വെള്ളം തളിച്ച് സൂര്യപ്രകാശം നേരിട്ട് പതിക്കാതെ തണൽ ക്രമീകരിക്കണം. ഏകദേശം മൂന്നുമാസത്തിനകം കമ്പോസ്റ്റ് തയ്യാറാകും. കമ്പോസ്റ്റ് വാരുന്നതിന് ഒരാഴ്ച മുമ്പ് വെള്ളം തളിക്കുന്നത് നിർത്തണം.

പുതയിടൽ

അമിതമായ ജലബാഷ്പീകരണം തടഞ്ഞ് ഈർപ്പസംരക്ഷണത്തിനും കളവളർച്ച ചെറുത്ത് സസ്യത്തിന് ആവശ്യമായ പോഷണം നല്കുവാനും പുതയിടീൽ സഹായകമാണ്. തടം തുറന്ന് വളമിട്ടതിനുശേഷം മണ്ണ് മൂടിയിട്ട് പുതയിടണം.

തൊണ്ടടുക്കൽ

വിളാവശിഷ്ട ചാക്രമണത്തിനും ഈർപ്പസംരക്ഷണത്തിനും സ്വീകരിക്കാവുന്ന മറ്റൊരു പരിപാലനമുറയാണ് തൊണ്ടടുക്കൽ. തെങ്ങിൻ തടത്തിൽ 30-40 സെ.മീ ആഴത്തിൽ 2 നിരയിൽ തൊണ്ടടുക്കാം. താഴത്തെ നിര മലർത്തിയും മുകൾനിര കമഴ്ത്തിയും അടുക്കണം. ഒരുതടത്തിൽ ഏകദേശം 250-300 തൊണ്ടുകൾ വേണം. തൊണ്ടടുക്കലിന്റെ പ്രയോജനം 6-7 വർഷം വരെ നിൽക്കും.

ചകിരിച്ചോർ കമ്പോസ്റ്റ്

കയർവ്യവസായത്തിലെ പാഴ്‌വസ്തുവാണ് ചകിരിച്ചോർ. ജലനഷ്ടം തടയാനും ഈർപ്പസംരക്ഷണത്തിനും മണ്ണിന്റെ സമഗ്ര പോഷണത്തിനും ചകിരിച്ചോർ സഹായകമാണ്. ഒരു തെങ്ങിന് ഏകദേശം 50 കിലോ ചകിരിച്ചോർ വേണം.

ഈ പരിപാലനമുറകൾ വഴി തെങ്ങിൻതോപ്പിലെ പോഷകനഷ്ടം ഒരുപരിധിവരെ തടഞ്ഞ് ഉത്പാദനക്ഷമത നേടാനാകും. ■

കായംകുളം, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞയാണ് ലേഖിക

ഫോൺ : 0479-2442160